# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- പാറക്കടവ് - ബ്ലോക്ക് പഞ്ചായത്ത് - 2012-13 ലെ വാർഷിക പ്രോജക്ട് - ഭിന്നശേഷിയുള്ളവർക്ക് ചലനോപകരണം നൽകൽ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.639/13/തസ്വഭവ     തിരുവനന്തപുരം, തീയതി, 11.03.2013

---

പരാമർശം:- പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17/1/13 ലെ കത്ത്

## ഉത്തരവ്

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തെ പ്രോജക്ടിൽ ഭിന്നശേഷിയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി ചലനോപകരണം വാങ്ങി നൽകിയിരുന്നു. എന്നാൽ പ്ലാൻ ഫണ്ടിന്റെ പരിമിതിമൂലം മുഴുവൻ വ്യക്തികൾക്കും ആനുകൂല്യം നൽകുവാൻ സാധിച്ചില്ല. 2012-13 വർഷത്തെ മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്നതിനാൽ 2011-12 വർഷത്തിൽ ചലനോപകരണം ലഭ്യമാക്കുവാൻ സാധിക്കാത്തവരെ 2011-12 വർഷത്തെ പദ്ധതിയുടെ തുടർച്ചയായി 2012-13 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തുവാൻ അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 വർഷത്തെ മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി അനുവദനീയമല്ലെങ്കിലും പദ്ധതി പുന:ക്രമീകരണത്തിന് ഇനി സമയം ഇല്ലാത്തതിനാൽ ഈ സാമ്പത്തിക വർഷം കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പാറക്കടവ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ